അഖില കേരള അയ്യപ്പസേവാസംഘം പരാതികൾ സമർപ്പിച്ചിട്ടുള്ളതായി പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസീൽദാർ അറിയിക്കുകയും പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സ്ഥലം പകരം വിട്ടുകൊടുക്കുവാൻ പരാതിക്കാർ തയ്യാറാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ആ സ്ഥലം പരിശോധിച്ചുവെങ്കിലും സാങ്കേതികമായി അനുയോജ്യമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ പിന്നീട് മങ്കാരം എന്ന അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിച്ച് മൂന്നുവർഷംകൊണ്ട് പണി പൂർത്തിയാക്കി ശുദ്ധജലം വിതരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചുനക്കര, നൂറനാട്, പാലമേൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഫെയ്സ് 1. എൽ.ഐ.സിയുടെ സഹായത്തോടുകൂടി ചുനക്കര, നൂറനാട് വില്ലേജുകൾക്കും ഫെയ്സ് 2 പാലമേൽ വില്ലേജിനും വേണ്ടിയുള്ളതാണ്. ഫെയ്സ് 1 ന് 805 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫെയ്സ് 2 ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. ഇതിന് 325 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം പാലമേൽ പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. പദ്ധതിക്കായി ഉദ്ദേശിച്ചിരുന്ന സ്ഥലം ഇപ്പോൾ ലഭ്യമല്ലായെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. മറ്റൊരു സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഉദ്ദേശിച്ചിരുന്ന സ്ഥലത്തുനിന്നും പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് പ്രോജക്ട് റിപ്പോർട്ടിൽ ചില വ്യതിയാനങ്ങൾ വരുത്തി. അത് പരിശോധിച്ച് അനുമതി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(9) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ജീവനക്കാർ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ഡോ. എ. നീലലോഹിതദാസൻ നാടാർ : കേരള എൻ.ജി.ഒ. സെന്ററിന്റെ പ്രവർത്തകർ ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ഒരു മാർച്ചും ധർണയും നടത്തുകയാണ്. 1998 മേയ് 27-ന് പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലിലെ ജീവനക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുമായി ബന്ധപ്പെട്ട മന്ത്രി ഒരു ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന പരാതിയുമായിട്ടാണ് എൻ.ജി.ഒ. സെന്ററിന്റെ പ്രവർത്തകന്മാർ ധർണയും മാർച്ചും സംഘടിപ്പിച്ചിരിക്കുന്നത്. ആ തീരുമാനങ്ങൾ നടപ്പാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം സംബന്ധിച്ച മറുപടിയാണ് പറയുന്നത്. 1993-നു മുമ്പ് നിയമിതരായ വാർഡൻമാർക്ക് ഇപ്പോൾത്തന്നെ 2:1 എന്ന ക്രമത്തിൽ പ്രൊമോഷൻ ലഭിക്കുന്നുണ്ട്. 1993-നു ശേഷം വാർഡർമാരുടേയും ക്ലാർക്കുമാരുടേയും കേഡറുകൾ ഒന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും പ്രൊമോഷൻ ലഭിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ചില ഡിമാന്റുകൾ അംഗീകരിക്കാൻ നിർവാഹമില്ല. പ്രവൃത്തി സമയം 8 മണിക്കൂർ ആക്കി മാറ്റണമെന്നുള്ളതാണ് അവരുടെ ഒരു ഡിമാന്റ്. അങ്ങനെയാണെങ്കിൽ ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേണനുസരിച്ച് മൂന്നുപേരെയെങ്കിലും ഒരു ഹോസ്റ്റലിൽ വാർഡൻമാരായി നിയമിക്കേണ്ടിവരും. അതിന് കഴിയുകയില്ല. അതുകൊണ്ട് 8 മണിക്കൂർ ജോലിയെന്നുള്ളത് അംഗീകരിക്കാൻ നിർവാഹമില്ല. അതുപോലെ സ്ത്രീ വാർഡൻമാരും പുരുഷ വാർഡൻമാരും വേണമെന്നുള്ള ഡിമാന്റുണ്ടായിരുന്നു. അതുസംബന്ധിച്ച് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. എത്രയും പെട്ടെന്നുതന്നെ അത് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരമാവധി ഗവൺമെന്റ് ശ്രമിച്ചുവരികയാണ്.

VII PAPERS TO BE LAID ON THE TABLE

Minister for Revenue (**Shri. K.E. Ismail**) : Sir, on behalf of the Chief minister I lay on the Table :

1. The Kerala Police (Amendment) Ordinance, 2000 (ordinance No.1 of 2000)
2. Notification No. 69726/SSA2/99/Home dated 26th November, 1999 (S.R.O. No. 970/99)
3. Notification No. 69810/SSA2/99/Home dated 6th December, 1999 (S.R.O. No. 984/99)
4. G.O.(P) No. 46/99/Vig. dated 17th May, 1999 (S.R.O. N0. 429/99) together with statement showing reasons for the delay in submitting the same.

I also relay :

1. G.O.(Rt.) No.5373/99/Home dated 25th November, 1999 (S.R.O.) No.961/99)
2. G.O.(MS.) No.229/99/Home dated 22nd November, 1999 (S.R.O.No.947/99)
3. G.O.(MS.) No.14/99/PR dated 10th November, 1999 (S.R.O. No.946/99)

Minister for Industries & Social Welfare (**Smt. Suseela Gopalan**) : Sir, on behalf of the Minister for Food, Tourism and Law I lay on the Table:

Annual Report and Audited Accounts of Kerala State Poultry Development Corporation Limited for the year 1997-98 together with statement showing the reasons for the delay in submitting the same.

LIBRARY ARCHIVES Kerala Legislative Assembly